LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ് : സർ, അങ്ങ് പറഞ്ഞതുപോലെ ഈ പദ്ധതി ടെണ്ടർ വിളിച്ചെങ്കിലും അതിന്റെ പ്രവൃത്തി ആരംഭിച്ചതായി കാണുന്നില്ല. രാജീവ് ഗാന്ധി പദ്ധതി ആരംഭിക്കാൻ വളരെയേറെ കാലതാമസം ഉണ്ടായി. ആ ഒരു കാലതാമസം ഭാവിയിൽ ഉണ്ടാകാത്ത രീതിയിൽ സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാനും ഇതിന്റെ മോണിറ്ററിംഗിനും വേണ്ടി വൈദ്യുതി ബോർഡ് പ്രത്യേക സംവിധാനം ഉണ്ടാക്കാനുള്ള നടപടി സ്വീകരിക്കാമോ ?

ശ്രീ. എ. കെ. ബാലൻ : സർ, ആർ.ജി.ജി.വി.വൈ. പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള മോണിറ്ററിംഗ് നല്ല രൂപത്തിൽ നടക്കും. പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ മണ്ഡലത്തിൽ എനിക്ക് തോന്നുന്നത്, വളരെ നിസ്സാരമായിട്ടുള്ള പ്രദേശങ്ങൾ മാത്രമാണ് ഇനി കണക്ഷൻ കൊടുക്കാൻ ബാക്കിയുള്ളത്. പ്രത്യേകിച്ച് മോണിറ്ററിംഗിനുവേണ്ടി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്താം.

(2) നിർമ്മാണ മേഖല നേരിടുന്ന സ്തംഭനാവസ്ഥ

ശ്രീ. സി. കെ. പി. പത്മനാഭൻ : സർ, കേരളത്തിലെ നിർമ്മാണ മേഖലയുടെ സ്തംഭനം അടിയന്തരമായി പരിഹരിക്കണമെന്നതാണ് എന്റെ ആവശ്യം. കഴിഞ്ഞ ദിവസം ഇതിന് ചില പരിഹാര നടപടികൾ ഗവൺമെന്റ് സ്വീകരിച്ചതായി ഒരു സർക്കാർ ഉത്തരവ് മുഖേന മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ഹൈക്കോടതി വിധിയുടെ ഭാഗമായാണ് കേരളത്തിൽ പാറ പൊട്ടിക്കുന്നതിന് താൽക്കാലികമായി നിരോധനം ഏർപ്പെടുത്തിയത്. ഈ നിരോധനം കേരളത്തെ ആകെ സ്തംഭിപ്പിച്ചിട്ടുണ്ട്. പ്രത്യേകിച്ചും ചെറുകിട മേഖലയിലെ ക്വാറി ഉടമകളെ സാരമായി ബാധിക്കുകയും ലക്ഷക്കണക്കിന് തൊഴിലാളികളുടെ തൊഴിൽ തന്നെ നഷ്ടപ്പെടുന്ന അവസ്ഥയുമുണ്ടായിട്ടുണ്ട്. ഇത് അടിയന്തരമായി പരിഹരിക്കുന്നതിനുവേണ്ടി ഇപ്പോൾ ചില തീരുമാനങ്ങൾ ഗവൺമെന്റ് എടുത്തതായി മനസ്സിലാക്കുന്നു. പക്ഷേ ഈ തീരുമാനം നടപ്പാകണമെങ്കിൽ ഗവൺമെന്റ് നേരിട്ട് ഇടപെടേണ്ടതായിട്ടുണ്ട്. ഉദാഹരണത്തിന് ഒരു ക്വാറി ഉടമയ്ക്ക് , സംഭരിക്കേണ്ട നാലഞ്ച് ലൈസൻസുകൾക്ക് ഏകജാലക സംവിധാനം ഏർപ്പെടുത്തുമെന്നാണ് ഇപ്പോൾ ഗവൺമെന്റ് പറഞ്ഞിട്ടുള്ളത്. അത് നല്ല കാര്യമാണ്. പക്ഷേ ഇപ്പോൾ തന്നെ ആയിരക്കണക്കിന് അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. ഈ അപേക്ഷകൾ സമയബന്ധിതമായി തീർക്കുന്നതിന് ജില്ലാതലത്തിൽ ക്വാറി ഉടമകളെയും തൊഴിലാളികളെയും ഗവൺമെന്റ് ഉദ്യോഗസ്ഥരെയും വിളിച്ചുചേർത്ത് മന്ത്രിമാർ തന്നെ ഒരു ചർച്ച നടത്തിയാൽ ഈ സ്തംഭനം പരിഹരിക്കപ്പെടും. നിർമ്മാണം വീണ്ടും ആരംഭിക്കാനും പറ്റും. അതോടൊപ്പം സ്ഫോടക വസ്തു കൈകാര്യം ചെയ്യുന്നതും ഒരു പ്രധാനപ്പെട്ട വിഷയമാണ്. സ്ഫോടനം നടത്താതെ കരിങ്കല്ലിൽ ഖനനം ചെയ്യാൻ പറ്റില്ല. പക്ഷേ ഇപ്പോൾ നിലവിലുള്ള പ്രശ്നം ബോംബെയിൽ സ്ഫോടനം നടന്നാൽ കണ്ണൂരിൽ ക്വാറികൾ അടയ്ക്കും. എവിടെയെങ്കിലും സ്ഫോടനം നടന്നാൽ ക്വാറിയുടെ പ്രവർത്തനം സ്തംഭിപ്പിക്കുന്ന രൂപത്തിൽ ഇടപെടാൻ പറ്റില്ല. അതിന് കണിശമായ തീരുമാനമെടുക്കണം. കാരണം

ആയിരക്കണക്കിന് തൊഴിലാളികളാണ് പട്ടിണിയാകുന്നത്. അനധികൃതമായി ഏതെങ്കിലും സ്ഫോടക വസ്തു ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അവരെ കസ്റ്റഡിയിൽ എടുക്കുകയോ അവരുടെ മേൽ ശിക്ഷാ നടപടി സ്വീകരിക്കുകയോ ചെയ്യണം പക്ഷേ കാറി അടപ്പിക്കുന്ന പണി നടപ്പാക്കാൻ പറ്റില്ല എന്ന കാര്യത്തിൽ വ്യക്തമായ തീരുമാനം ഉണ്ടാകണം. അതുപോലെ പൊലൂഷൻ കൺട്രോൾ ബോർഡിന് കൊടുക്കുന്ന അപേക്ഷയിന്മേൽ ഈ ഏകജാലകത്തിൽ പെട്ടെന്ന് തീരുമാനമാകുമെന്ന് എനിക്ക് തോന്നുന്നില്ല. നാലും അഞ്ചും മാസമായി അപേക്ഷ കൊടുത്ത് കാത്തിരിക്കുന്നവരുണ്ട്. അതിലും തീരുമാനമുണ്ടാകണം. സർക്കാർ പാട്ടഭൂമിയിൽ നിന്നും കല്ലെടുത്ത് വിൽക്കുന്നവരുണ്ട്. എന്നാൽ അവിടെനിന്നും കുറഞ്ഞ തുക മാത്രമേ പാട്ടമായി കിട്ടുന്നുള്ളു. അതോടൊപ്പം ഇവിടെനിന്നും എടുക്കുന്ന കല്ലിന് ഒരു നിശ്ചിത വില നിർണ്ണയിക്കണം. ഇത്തരം കാര്യങ്ങളിൽ തൊഴിലാളികളുടെ കൂട്ട സംരഭങ്ങൾ വേണം. ഇപ്പോൾ സ്ഫോടക വസ്തു കൈകാര്യം ചെയ്യുന്നതിനുവേണ്ടി ജില്ലാ സൊസൈറ്റി പറയുന്നുണ്ട്. അപ്പോൾ ഗവൺമെന്റ് മേഖലയിലെ കല്ല് ഖനനം ചെയ്യുന്നതിനു വേണ്ടി സഹകരണ മേഖലയ്ക്ക് പ്രാധാന്യം കൊടുക്കുന്ന സംവിധാനം ഉണ്ടാകണം. ഇന്ന് വില ഈടാക്കുന്നതിൽ യാതൊരു അടിസ്ഥാനവുമില്ല. പൂഴിയുടെ ക്ഷാമം വന്നപ്പോൾ എംസാന്റിന് ഒരു അടിസ്ഥാനവുമില്ലാതെ വിലകൂട്ടി വാങ്ങുന്നതിനെ നിയന്ത്രിക്കാൻ കഴിയണം. കാരണം, ഖനനം എന്നു പറയുന്നത് രാജ്യത്തിന്റെ പൊതുസമ്പത്താണ്. അതിന്റെ വില നിയന്ത്രിക്കാനുള്ള അധികാരം ഗവൺമെന്റിനുണ്ടാകണം. മിക്ക സ്ഥലത്തും നൂറടി വലിപ്പമുള്ള വണ്ടി എന്നാണ് പറയുന്നതെങ്കിലും യഥാർത്ഥത്തിൽ അതിനെപ്പറ്റി അന്വേഷിച്ചു നോക്കിയപ്പോൾ ഒരു വണ്ടിയും 85 അടിക്ക് മുകളിലില്ല. ഇത് ആർക്കും അറിയില്ല. ആ വണ്ടിക്ക് ഓടാനുള്ള പെർമിറ്റ് കൊടുക്കുമ്പോൾ തന്നെ അതിന് ഘടിപ്പിച്ച ബോഡിയുടെ അളവ് ഇത്രയാണെന്ന് അതിനുമുകളിൽ എഴുതി വയ്ക്കണം. വമ്പിച്ച ചൂഷണമാണ് ചില കാറി ഉടമകൾ ഈ രംഗത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. മണ്ണ് കൊണ്ടുപോകുന്നതിനുള്ള തടസ്സം ഈ ജി.ഒ. പ്രകാരം നീക്കിയിട്ടുണ്ട്. മണ്ണ് കൊണ്ടുപോകുമ്പോൾ രണ്ട് രൂപത്തിലാണ് ടാക്സ് ഈടാക്കികൊണ്ടിരിക്കുന്നത്. എർത്ത് എന്ന പേരിൽ നാല് ശതമാനം ടാക്സ് ഈടാക്കുന്നു. റെഡ് എർത്ത് ആണെങ്കിൽ 12 ശതമാനമാണ് ടാക്സ് ഈടാക്കുന്നത്. പലപ്പോഴും എർത്ത് എന്ന പേരിലാണ് റെഡ് എർത്ത് കൊണ്ടു പോകുന്നത്. ആ വെട്ടിപ്പിൽ ചിലർക്ക് പങ്കുണ്ട്. ഇത് പരിഹരിക്കുന്നതിനായി ടാക്സ് ഏകീകരിക്കണം. അതുപോലെ തന്നെ ഓവർസ്പീഡിന്റെ പേരിൽ വണ്ടി പിടിക്കുന്നുണ്ട്. വണ്ടി പിടിക്കേണ്ടതാണ്. പക്ഷേ ഇങ്ങനെ പിടിക്കപ്പെട്ടു കഴിഞ്ഞാൽ രണ്ടും മൂന്നും ദിവസം ലോഡ് സഹിതം വണ്ടി പോലീസ് സ്റ്റേഷനുകളിലെ കസ്റ്റഡിയിലാണ് വയ്ക്കുന്നത്. മൂന്ന് ദിവസം ലോഡ് സഹിതം ഈ വണ്ടി വച്ചു കഴിഞ്ഞാൽ വണ്ടി അങ്ങേയറ്റം തകരാറിലാകും. പിഴ ഈടാക്കി അപ്പോൾ തന്നെ ആ വണ്ടി വിട്ടു കൊടുക്കാനുള്ള നടപടിയുണ്ടാകണം. പോലീസ് അധികാരി ലീവാണെങ്കിൽ ഒരാഴ്ച വരെ വയ്ക്കുന്നു. ഇത് അങ്ങേയറ്റം സാധാരണക്കാരെ പീഡിപ്പിക്കുന്ന ഒന്നാണ്. പലരും ലോണെടുത്താണ് വണ്ടി വാങ്ങുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

പിഴ ഇന്ന് രണ്ടായിരം രൂപ വരെ ഈടാക്കുന്നു. ചില സ്ഥലത്ത് ചില രൂപത്തിൽ ഇടപെട്ടാൽ പെറ്റി കേസ് ചുമത്തി 200 രൂപയും വാങ്ങുന്നുണ്ട്. അതുപോലെ തന്നെ ചില സ്ഥലങ്ങളിൽ ജെ.സി.ബി.-യും ടിപ്പർ ലോറിയും വച്ചാണ് മണ്ണെടുക്കുന്നത്. അവിടെ തൊഴിലാളികൾ ഉണ്ടാകുന്നില്ല. നോക്കു കൂലിക്കാർ ചില സ്ഥലത്ത് പോയി പ്രശ്നമുണ്ടാക്കുന്നുണ്ട്. ചിലർ നോക്കുകൂലി കൊടുക്കാറില്ല. നോക്കുകൂലി കൊടുക്കാതിരിക്കുന്നവർ ആശ്രയിക്കുന്നത് പോലീസിനെയാണ്. പോലീസ് അപ്പോൾ തന്നെ ഇടപെട്ട് നടപടിയെടുക്കുന്നു. ഇത്തരം ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് നോക്കുകൂലിയുടെ കാര്യത്തിൽ കണിശമായ നിലപാട് എടുക്കാൻ കഴിയണം. പ്രത്യേക നിർമ്മാണ മേഖലയിൽ രാത്രി കാലങ്ങളിൽമാത്രമേ ഇത്തരം വണ്ടികൾക്ക് പോകാനുള്ള അനുവാദമുള്ളൂ. എന്നാൽ രാത്രി ഓടിക്കുന്നതിന് പെർമിറ്റ് ഇല്ല എന്നുപറഞ്ഞ് പോലീസ് പിടിക്കുന്നുണ്ട്. ഈ സ്ഥലത്ത് രാത്രിയാണോ പകലാണോ മണ്ണ് കൊണ്ടു പോകേണ്ടത് എന്ന കാര്യത്തിൽ വ്യക്തത ഉണ്ടാകണം അതുപോലെ പ്രധാനപ്പെട്ട വിഷയമാണ് സിമന്റിന്റെ വില വർദ്ധനവ്. ഈ കാര്യത്തിൽ ഗവൺമെന്റ് അടിയന്തിരമായി ഇടപെട്ട് സിമന്റിന്റെ വില നിയന്ത്രിക്കാൻ കഴിയണം. പ്രകൃതിയെ ചൂഷണം ചെയ്യാതെ ഒരു സ്ഥലത്തുനിന്നും, എത്ര പൂഴി എടുക്കാമെന്നതിനെക്കുറിച്ചും എത്ര മണൽ ഖനനം ചെയ്യണം എന്നതിനെക്കുറിച്ചും നിയന്ത്രണം വേണം. പൂഴിയും മണലും അന്യസംസ്ഥാനങ്ങളിൽ കടത്തി കൊണ്ടുപോകുന്നത് തടയുന്നതിന് കർശന നിയമങ്ങൾ ഉണ്ടാകണം. ഏത് നിയന്ത്രണം ഏർപ്പെടുത്തിയാലും അതൊന്നും തൊഴിലാളികളെ ബാധിക്കാത്ത രൂപത്തിലായിരിക്കണം. അതിനാൽ സർക്കാർ ഉത്തരവിന്റെ ഭാഗമായി എല്ലാ ജില്ലകളിലും നിർമ്മാണ മേഖലയിൽ നിലനിൽക്കുന്ന സ്തംഭനം അവസാനിപ്പിക്കുന്നതിനുവേണ്ടി മന്ത്രിമാരുടെ നേതൃത്വത്തിൽ ജനപ്രതിനിധികളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് റിവ്യൂ മീറ്റിംഗ് നടത്തി ഏകജാലക സംവിധാനം അടിയന്തരമായി നടപ്പാക്കാനുള്ള തീരുമാനമുണ്ടാകണം

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സർ, നമ്മുടെ സംസ്ഥാനം ഇന്ന് നേരിടുന്ന വളരെ ഗൗരവമേറിയ പ്രശ്നമാണ് ശ്രീ. സി. കെ. പി. പത്മനാഭൻ ഇവിടെ ഉന്നയിച്ചിട്ടുള്ളത്. വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ അദ്ദേഹം സൂചിപ്പിച്ചു അതിനാൽ ഇക്കാര്യത്തിൽ ഞാൻ മാത്രം മറുപടി പറഞ്ഞാൽ പോരാ. പ്രസക്തമായ കാര്യം മാത്രമേ ഞാനിപ്പോൾ പറയുന്നുള്ളൂ. സംസ്ഥാനത്ത് നിർമ്മാണ സാമഗ്രികളായ മണൽ, പാറ തുടങ്ങിയവയുടെ ക്ഷാമം കാരണം നിർമ്മാണ മേഖലയിൽ ഉണ്ടായ സ്തംഭനവും തൊഴിലില്ലായ്മയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഇത് വളരെ ഗൗരവത്തോടുകൂടിയാണ് കാണുന്നത്. നിർമ്മാണ സാമഗ്രികളുടെ ക്ഷാമം പരിഹരിക്കാൻ ഒട്ടേറെ നടപടികൾ ഇതിനകം തന്നെ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. മണൽക്ഷാമം പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിക്കപ്പെട്ട കമ്മിറ്റിയുടെ ശിപാർശകൾ പരിഗണിച്ച് 14-12-2009-ന് തന്നെ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിലെ വ്യവസ്ഥകൾക്കു വിധേയമായി

LIBRARY ARCHIVES Kerala Legislative Assembly

സാന്റ് ഓഡിറ്റ് നടത്തുകയും നദികളിൽനിന്നും മണൽ ശേഖരിക്കുക. ഡാമുകൾ, ഉൾനാടൻ ജലാശയങ്ങൾ എന്നിവ ഡീസിൽറ്റ് ചെയ്യുക. മറ്റ് സംസ്ഥാനങ്ങളിൽനിന്നും നിയമാനുസൃതം മണൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ ലഘൂകരിക്കുക. തുടങ്ങിയ നിരവധി നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. ഡാമുകളിൽനിന്നും മണൽ നീക്കം ചെയ്യുന്നതിന്റെ ഭാഗമായി മലമ്പുഴ, വാളയാർ, അരുവിക്കര, ചുള്ളിയാർ തുടങ്ങി നിരവധി ഡാമുകളിൽ നിന്നും മണൽ ശേഖരിച്ച് വിപണനം ചെയ്തുവരുന്നു. സംസ്ഥാനത്തെ മറ്റു ചില ഡാമുകളിൽനിന്നുകൂടി മണൽ ശേഖരിക്കുന്നതിനെ സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരുന്നുണ്ട്. ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിതല ഉപസമിതി ഈ പ്രവർത്തനങ്ങളെ വിലയിരുത്തി വരുന്നു. പരീക്ഷണാർത്ഥം ആരംഭിച്ച ഈ പദ്ധതി ആശിച്ച പുരോഗതി കൈവരിച്ചിട്ടില്ലെങ്കിലും ഭാവിയിൽ ഫലപ്രദമായി നടപ്പിലാക്കാൻ ആകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പാറക്ഷാമം പരിഹരിക്കുന്നതിനും നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി നിരവധി നടപടികൾ ഇതിനകം എടുത്തു കഴിഞ്ഞു. ആഭ്യന്തരം, വ്യവസായം, തൊഴിൽ, ഫിഷറീസ്, ഗതാഗതം, റവന്യൂ, പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണം, വനം, ആരോഗ്യം, പരിസ്ഥിതി തുടങ്ങിയ വിവിധ വകുപ്പുതല ഉദ്യോഗസ്ഥന്മാരും മന്ത്രിമാരും ചീഫ് സെക്രട്ടറിയും അടങ്ങിയ ഉന്നതതല സമിതി ഇതു സംബന്ധിച്ച് വിശദമായി പരിശോധിക്കുകയും ചർച്ച ചെയ്യുകയും വികസന പ്രവർത്തനങ്ങൾക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കും ആവശ്യമായ കരിങ്കല്ലും പാറയും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി വിധികൾക്കും നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും കേന്ദ്രം അനുശാസിക്കുന്ന മറ്റു മാർഗ്ഗ നിർദ്ദേശങ്ങൾക്കും വിധേയമായും പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ടുമാണ് ഇന്നുള്ള പ്രതിസന്ധി പരിഹരിക്കാൻ മന്ത്രിസഭാ യോഗം തീരുമാനമെടുത്തിട്ടുള്ളത്. കുറച്ചുകൂടി വ്യക്തതയോടുകൂടി നിയമങ്ങൾ കർശനമായി നടപ്പാക്കുക എന്നാണ് ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുള്ളത്. പല ഡിപ്പാർട്ടുമെന്റുകളിലൂടെയുമാണ് ഇതിന്റെ പ്രവർത്തനം നടക്കുന്നത്. പല നിയമവിരുദ്ധ പ്രവൃത്തികൾക്കും അവസരമൊരുക്കും എന്നതുകൂടി കണ്ടുകൊണ്ട് ഒരു ഏകീകൃതമായ സംവിധാനത്തിലൂടെ നിയമം കർശനമായി നടപ്പാക്കിക്കൊണ്ട് ഈ പ്രതിസന്ധി പരിഹരിക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. മന്ത്രിസഭ തന്നെ മൂന്ന് യോഗത്തിൽ ഈ വിഷയം ഗൗരവത്തോടുകൂടി ചർച്ച ചെയ്തതാണ്. ഇതിന് ആവശ്യമായ എല്ലാ തീരുമാനങ്ങളും എടുത്തിട്ടുണ്ട്.

ശ്രീ. സി. കെ. പി. പത്മനാഭൻ: സർ, ഫോറസ്റ്റ് ഭൂമിയും പുറമ്പോക്കു ഭൂമിയും ലീസിന് കൊടുക്കുമെന്ന് പറയുന്നുണ്ട്. ലീസിന് കൊടുക്കുമ്പോൾ ഇന്നത്തെ അവസ്ഥയിൽ വൻകിട കാറി ഉടമകളുടെ കൈകളിൽ എത്തിച്ചേരാനാണ് സാദ്ധ്യത. ലീസിന് കൊടുക്കുന്നുണ്ടെങ്കിൽ അത് തൊഴിലാളി സഹകരണ പ്രസ്ഥാനങ്ങൾക്കോ ചെറുകിട കരാറുകാരുടെ കൂട്ടായ്മയ്ക്കോ കൊടുക്കുകയുള്ളൂ എന്ന കാര്യത്തിൽ ഉറച്ച നിലപാട് സ്വീകരിക്കണം. അല്ലെങ്കിൽ വൻകിടക്കാരുടെ കൈയിൽ ഈ രാജ്യത്തിന്റെ പ്രകൃതി സമ്പത്ത് മുഴുവൻ എത്തിച്ചേരുന്ന അവസ്ഥയുണ്ടാകും. അതിന് ഗവൺമെന്റ് ഒരു ഉറച്ച തീരുമാനമെടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : ഇത് വളരെ ചർച്ച ചെയ്യേണ്ട ഒരു നിർദ്ദേശം തന്നെയാണ്. വലിയ കമ്പനികളും അതുപോലെ തന്നെ മാഫിയകളും വളരെ സംഘടിതമായി ഈ രംഗത്തുണ്ട്. അത് കർശനമായി തടയാനാണ് ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുള്ളത്. അതിന് കഴിയുന്ന വിധത്തിൽ തൊഴിലാളി സഹകരണ സംഘങ്ങളും നിയമത്തിന്റെ ഉള്ളിൽനിന്നുകൊണ്ട് ഇത് ഏറ്റവും വേഗത്തിൽ ലഭ്യമാക്കാനും തൊഴിൽ സംരക്ഷിക്കാനും വികസന പ്രവർത്തനങ്ങൾ തടസ്സമില്ലാത്ത വിധത്തിൽ കൊണ്ടുപോകാനും ഉതകുന്ന തീരുമാനങ്ങളാണ് എടുക്കുന്നത്. കൂട്ടായ ചർച്ച ഇനിയും ഇത് സംബന്ധിച്ച് വേണ്ടിവരും. ആ ചർച്ചകളിലൂടെ ബഹുമാനപ്പെട്ട സി.കെ.പി. ഉന്നയിച്ച നിർദ്ദേശം ഉൾപ്പെടെ നമുക്ക് വ്യക്തമായ തീരുമാനത്തിൽ എത്താൻ കഴിയുന്നതാണ്.

III സബ്മിഷൻ

(1) അപകടത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ധനസഹായം

ശ്രീ. സി. എം. ദിനേശ് മണി : സർ, 2010 ഡിസംബർ മാസം 16-ാം തീയതി പാലാരിവട്ടം ബൈപ്പാസിൽ വച്ച് ഒരു ടിപ്പർ ഇന്നോവയിൽ ഇടിച്ച് അതിലുണ്ടായിരുന്ന ആറ് ചെറുപ്പക്കാർ മരണപ്പെടുകയുണ്ടായി. പള്ളുരുത്തി സ്വദേശികളാണ് ഈ ആറുപേരും. മൂന്നുപേർ ഗുരുതരമായി പരിക്കുപറ്റി ആശുപത്രിയിൽ ചികിത്സയിലാണ്. മരിച്ച ഹാരീസ്, നിംഷാദ്, നിസാം, അൻവർ, ഷിജാസ് എന്നിവർ വളരെ പാവപ്പെട്ട കുടുംബാംഗങ്ങളാണ്. ഇവരുടെ മരണത്തോടെ അനാഥമായ അവരുടെ കുടുംബങ്ങളെ സഹായിക്കണം എന്നുള്ളതാണ് ബഹുമാനപൂർവ്വം മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, എറണാകുളം ജില്ലയിൽ ബൈപ്പാസ്സിൽ വച്ചുണ്ടായ വാഹനാപകടത്തിൽ മരണമടഞ്ഞ ആറു പേരുടെ കുടുംബാംഗങ്ങൾക്ക് മുപ്പതിനായിരം രൂപ വീതവും പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന നാലുപേർക്ക് പതിനായിരം രൂപ വീതവും അനുവദിക്കുവാൻ 22-12-2010-ലെ മന്ത്രിസഭാ യോഗം തീരുമാനിച്ചിട്ടുണ്ട്. ഈ തുക അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

(2) പെൻഷനും ആനുകൂല്യങ്ങളും

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : സർ, 1975-1977 കാലത്തെ ആഭ്യന്തര അടിയന്തരാവസ്ഥയ്ക്കെതിരെ രാജ്യമെമ്പാടും നടന്ന സമരങ്ങൾ സ്വാതന്ത്ര്യത്തിനും പൗരാവകാശങ്ങൾക്കുംവേണ്ടി നടന്ന ജനാധിപത്യ സമരങ്ങളാണെന്ന് രാജ്യം മുഴുൻ അംഗീകരിച്ചു കഴിഞ്ഞു. ഭരണഘടന ഉറപ്പ് നൽകുന്ന ജനാധിപത്യമൂല്യങ്ങൾക്കും അവകാശങ്ങൾക്കുംവേണ്ടി നടന്ന സമരങ്ങളിൽ പങ്കെടുത്ത് കേരളത്തിലെ വിവിധ തടവറകളിൽ തടവുകാരായവർ നിരവധിയുണ്ട്. കൊടിയ പീഡനങ്ങൾക്ക് ഇരയായതിനെത്തുടർന്ന് ചിലർ

LIBRARY ARCHIVES Kerala Legislative Assembly